# Great Women of the Bible

## (വചനത്തിലെ വനിതകൾ)



## 1. ഹവ്വ (Eve)

സകല ജാതി മതസ്ഥരുടെയും ആദിമ മാതാവാണ്, പുരുഷന്റെ വാരിയെല്ലിനെ സ്ത്രീയാക്കി മാറ്റിയ വിശ്വ സുന്ദരിയായ ഹവ്വ. (ഉല്പ:2:22) മൂന്ന് പേരുകളാൽ ഇവളെ വിളിക്കുന്നതായി കാണാം.

1. നരനിൽ നിന്നും എടുത്തതിനാൽ ഇവൾ നാരി (സ്ത്രീ) എന്ന് മനുഷ്യൻ പറഞ്ഞു.---ഉല്പ:(2:23)

2. അവൾ ജീവനുള്ളവർക്കെല്ലാം മാതാവ് എന്ന് പറഞ്ഞ് 'ഹവ്വാ' എന്ന് മനുഷ്യൻ തന്റെ ഭാര്യയ്ക്ക് പേരിട്ടു--ഉല്പ:(3:20)

3. ദൈവം തന്റെ സ്വരൂപത്തിൽ ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചപ്പോൾ അവരെ അനുഗ്രഹിക്കുകയും 'ആദാ'മെന്ന് പേരിടുകയും ചെയ്തു.--- ഉല്പ:(5:2)

മണ്ണിനാൽ ദൈവം സൃഷ്ടിച്ച മനുഷ്യൻ താൻ വെറും മണ്ണാണെന്നും മണ്ണിനോട് തിരികെ ചേർന്നേ മതിയാകൂ എന്ന് ചിന്തിച്ചാൽ താഴ്മയോടെ ലോകത്തിൽ ജീവിപ്പാൻ കഴിയും.

## മറ്റ് സ്ത്രീകളിൽ നിന്നും ഹവ്വയ്ക്കുള്ള പ്രത്യേകതകൾ

ഒരു സ്ത്രീയിൽ നിന്നും ജനിച്ചവളല്ലായ്കയാൽ ബാല്യം, ശൈശവം ഇവ അവൾക്കില്ലായിരുന്നു.

2. ദൈവ കരത്താൽ സൃഷ്ടിക്കപ്പെട്ട അതി സുന്ദരിയായ ഭാഗ്യവതി. (ഉല്പ:1:27)

3. ദൈവവചനത്തിലെ ആദ്യ കുടുംബം. സന്താനപുഷ്ടിയുള്ളവരായി നിറയുവാൻ ദൈവം അനുഗ്രഹിച്ച ആദ്യകുടുംബത്തിലെ സ്ത്രീ. --ഉല്പ:(1:28)

4. സകല ഭൂചരജന്തുക്കളെയും, സമുദ്രത്തിലെ മത്സ്യങ്ങളെയും ആകാശത്തിലെ പറവജാതികളെയും അടക്കി വാഴുവാൻ ദൈവ കല്പന ലഭിച്ച ആദ്യ സ്ത്രീ --- ഉല്പ:(1:29)

5. വിത്തുള്ള ഫലങ്ങളെയും , വിത്തുള്ള സസ്യങ്ങളെയും ആഹാരമായി ദൈവം ഒരുക്കി നൽകിയ സ്ത്രീ. ---ഉല്പ:(1:30)

6. ദൈവം ഒരുക്കിയ പാർപ്പിടത്തിൽ വസിപ്പാൻ ഭാഗ്യം ലഭിച്ചവൾ ---- ഉല്പ:(2:15)

7. ആദ്യപാപി - നിഷ്പാപയുഗത്തിൽ സൃഷ്ടിക്കപ്പെട്ടവൾ പാപിയായി മാറി പിശാചിന്റെ രൂപമായ പാമ്പിന്റെ ശബ്ദം കേട്ട് നിന്ന്, മറുപടി പറഞ്ഞതാണ് ഈ പേരിന് കാരണമായ പാപം ചെയ്യുവാനിടയായത് -- ഉല്പ (2:16) (3:3)

8. ആദ്യശാപം ഏറ്റുവാങ്ങിയവളായി ഹവ്വ മാറി -- ഉല്പ (3:16) (ഹവ്വയുടെ ശാപത്തിന്റെ കാരണങ്ങൾ ഇന്നും നിലവിലുണ്ട് അതിനാൽ ഇന്നുളള മനുഷ്യർ ഉല്പത്തി (3:6) ലുള്ള 3 കാര്യങ്ങൾ ശ്രദ്ധിച്ച് ജീവിതത്തിൽ പ്രാവർത്തികമാക്കുക.

a. തിന്മാൻ നല്ലത് - ജഢമോഹം

b. കാണ്മാൻ ഭംഗിയുള്ളത് - കൺമോഹം

c. ജ്ഞാനം പ്രാപിപ്പാൻ കാമ്യം - ജീവനത്തിന്റ പ്രതാപം

[Read (1യോഹ : 2:15-17)]

9. ആദ്യമായി പ്രസവവേദന അനുഭവിച്ച സ്ത്രീ.-- ഉല്പ: (4:1)

10. ആദ്യ രക്തസാക്ഷിയുടെയും, ആദ്യകൊലപാതകിയുടെയും അമ്മ - ഉല്പ (4:8) ദീർഘനാൾ ജീവിച്ചിരുന്ന് ചെയ്ത പാപത്തിന്റെ ഫലം അനുഭവിച്ചു.

11. കുരിശിന്റെ ആദ്യ പ്രവചനം ലഭിച്ചവൾ - ഉല്പ (3:15) (ഒരു സ്ത്രീ മുഖാന്തരം പാപം ലോകത്തിൽ വന്നതുപോലെ മറ്റൊരു സ്ത്രീയുടെ സന്തതി പാപത്തിന് പരിഹാരവുമായി)

12. ന്യായാധിപന്റെ ചോദ്യം അഭിമുഖികരിച്ച ആദ്യസ്ത്രീ - ഉല്പ (3:13)

13. നാണം തോന്നാത്ത അവസ്ഥയും തോന്നുന്ന അവസ്ഥയും തോന്നുന്ന അവസ്ഥയും അറിഞ്ഞവൾ --ഉല്പ:(2:28),(3:10)

## വിലക്കിയ കനി തിന്നവൾ നഷ്ടമാക്കിയ അനുഗ്രഹങ്ങൾ

**a.** ഏദൻ പറുദീസ എന്ന ദൈവം നൽകിയ വാസസ്ഥലം നഷ്ടമാക്കി --ഉല്പ:(3:24)

**b.**സകലത്തേയും അടക്കി വാഴുവാനുള്ള അധികാരം നഷ്ടമായി.

**c.**ആത്മീക ജീവൻ നഷ്ടപ്പെട്ട് മരണാവസ്ഥയിലായി .

**d.** ശാപം ഏറ്റുവാങ്ങി നരകത്തിന് ഓഹരിക്കാരിയായി.

**e.** സ്വർഗ്ഗീയ സ്നേഹം നഷ്ടമാക്കി, ലോകസ്നേഹത്തിന് കീഴ്പ്പെട്ടു.

തോട്ടത്തിന്റെ കാവൽ ഏല്പിച്ചപ്പോൾ (ഉല്പ:2:15) അതിനെ കാക്കേണ്ടയാൾ തന്റെ ജോലിയിൽ വരുത്തിയ വീഴ്ചയാണ് സാത്താൻ അകത്തു കയറുവാൻ കാരണമായത്. വിലക്കിയ കനിയുമായി വന്ന ഭാര്യയെ ദൈവത്തിന്റെ വാക്കുകൾ ഓർമ്മപ്പെടുത്തിയിരുന്നെങ്കിൽ സ്വർഗ്ഗീയ അനുഗ്രഹങ്ങൾ നഷ്ടമാകുകയില്ലായിരുന്നു. പ്രീയ സഹോദരങ്ങളെ പരസ്പരം പഴിചാരി കുടുംബസമാധാനം നഷ്ടമാക്കുന്നവരാകാതെ പരസ്പരം തിരുത്തി , അനുസരിച്ച് പ്രാർത്ഥനയോടെ ജീവിച്ചാൽ സകല സ്വർഗ്ഗീയ നന്മകളാലും നാം അനുഗ്രഹിക്കപ്പെട്ടവരാകും.

Santhamma Varghese